മാധ്യമം
16 October 2018

# സ്ത്രീശക്തി വിളിച്ചോതി മഹിള കർഷക ദിനാഘോഷം

**കൊച്ചി:** കാറ്റിലും കോളിലും പതറാതെ കുടുംബത്തിൻെറ പട്ടിണി മാറ്റാൻ കടലിൽ മത്സ്യബന്ധനത്തിനിറങ്ങിയ അനുഭവം പങ്കുവെച്ച രേഖ കാർത്തികേയൻ വനിത കർഷക സംഗമത്തിൽ താരമായി.

കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച മഹിള കർഷക ദിനാഘോഷ ഭാഗമായി നടത്തിയ സംഗമത്തിലാണ് കടലിൽ മത്സ്യബന്ധനം നടത്തുന്ന ഇന്ത്യയിലെ ഏക വനിതയായ രേഖ കാർത്തികേയൻ അനുഭവം വിവരിച്ചത്. ഏകദേശം 50 കിലോമീറ്റർ വരെ കടലിൽ ഫൈബർ വള്ളത്തിൽ മീൻപിടിത്തം നടത്തുന്ന രേഖ തൻെറ കഠിനാധ്വാനത്തിൻെറ കഥയാണ് സദസ്യരുമായി പങ്കുവെച്ചത്. കഠിനാധ്വാനം ചെയ്യാൻ തയാറാണെങ്കിൽ സ്ത്രീകൾക്ക് എല്ലാ മേഖലയിലും കഴിവ് തെളിയിക്കാനാകുമെന്ന് തൃശൂർ ചേറ്റുവ സ്വദേശിയായ രേഖ കാർത്തികേയൻ പറഞ്ഞു.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ പ്രവർത്തിക്കുന്ന 20ഓളം സ്ത്രീകൾ അനുഭവങ്ങൾ പങ്കുവെച്ചു. സ്മിജ ടി.എം, ഡോ. വി. കൃപ, ഡോ. ഷോജി ജോസഫ്, ഡോ. രമ മധു, ഡോ. എൻ. അശ്വതി, ഡോ. വിനീത മുരളി എന്നിവർ സംസാരിച്ചു. സി.എം.എഫ്.ആർ.ഐയിലെ സാങ്കേതിക വിജ്ഞാന വിഭാഗത്തിലെ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. വിപിൻ കുമാറിൻെറ മേൽനോട്ടത്തിൽ സാമൂഹിക സാമ്പത്തിക അവലോകനവിഭാഗവും വനിത സെല്ലും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.